# കേരള സർക്കാർ

## <u>സംഗ്രഹം</u>

പൊതുഭരണ വകുപ്പ് (ന്യൂനപക്ഷ സെൽ) - പാലൊളി മുഹമ്മദ് കുട്ടി കമ്മിററി റിപ്പോർട്ട് - മുസ്ലീം പെൺകുട്ടികൾക്ക് ഏർപ്പെടുത്തിയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപ്പൻറ് എന്നിവയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ-പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ന്യൂനപക്ഷ സെൽ) വകുപ്പ്**

**സ.ഉ.(കൈ)നം.125/2009/പൊഭവ** **തിരുവനന്തപുരം,തീയതി: 02.06.09.**

---

പരാമർശം - 1) 16.8.2008ലെ സ.ഉ (കൈ)നം.278/2008/പൊഭവ സർക്കാർ ഉത്തരവ്.
2) 6.11.2008ലെ സ.ഉ (കൈ)നം.355/2008/പൊഭവ സർക്കാർ ഉത്തരവ്.

## <u>ഉത്തരവ്</u>

പാലൊളി മുഹമ്മദ് കുട്ടി കമ്മിററിയുടെ ശുപാർശകൾക്കനുസരണമായി ബിരുദ/ബിരുദാനന്തര/പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് പരാമർശം ഒന്ന് പ്രകാരം ഏർപ്പെടുത്തിയ സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പൻറ് എന്നിവ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം രണ്ട് പ്രകാരം അംഗീകരിച്ച് സർക്കാർ ഉത്തരവായി. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം സർക്കാർ/ എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്ക് മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളു. എന്നാൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന മെരിററ് ലിസ്റ്റിൻെറ അടിസ്ഥാനത്തിൽ ശുപാർശ ചെയ്യപ്പെട്ട് സ്വാശ്രയ കോളേജുകളിൽ പ്രവേശനം നേടിയ അർഹരായ മുസ്ലീം വിദ്യാർത്ഥിനികൾക്കും കൂടി ഈ ആനുകൂല്യം ലഭ്യമാക്കണമെന്ന് ചില സംഘടനകൾ സർക്കാരിനോട് അപേക്ഷിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇതിൻെറ അടിസ്ഥാനത്തിൽ പാലൊളി മുഹമ്മദ് കുട്ടി കമ്മിററി ശുപാർശ പ്രകാരം ബിരുദ/ ബിരുദാനന്തര/ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന മുസ്ലീം പെൺകുട്ടികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പ്/ ഹോസ്റ്റൽ സ്റ്റൈപ്പൻറ് പദ്ധതിയുടെ പരിധിയിൽ പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന മെരിററ് ലിസ്റ്റ് പ്രകാരം ശുപാർശ ചെയ്യപ്പെട്ട് സ്വാശ്രയ കോളേജുകളിൽ പ്രവേശനം നേടിയ മുസ്ലീം പെൺകുട്ടികളേയും കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ഇതിലേയ്ക്കാവശ്യമായ ചെലവ് '2225-03-800-93' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**ഡോ.പി.പ്രഭാകരൻ,**
**അഡീഷണൽ ചീഫ് സെക്രട്ടറി.**

ഡയറക്ടർ, കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ ഫോർ സ്കോളർഷിപ്പ്, കോളേജ് വിദ്യാഭ്യാസ വകുപ്പ് (അനക്സ്), സംസ്കൃത കോളേജ് കാമ്പസ്, പാളയം, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം. (മാധ്യമങ്ങളിലൂടെ പ്രചാരം നൽകുന്നതിനായി).
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിററ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
സെക്രട്ടറി, സൗത്ത് ഇന്ത്യൻ മുസ്ലീം എഡ്യൂക്കേഷണൽ ആൻറ് ചാരിററബിൾ ട്രസ്റ്റ്, ററി.സി. 30/1294, നാലുമുക്ക്, പേട്ട, തിരുവനന്തപുരം.
പകർപ്പ്:- ഉന്നത വിദ്യാഭ്യാസ വകുപ്പ്. (30.5.09 ലെ സൂചന നമ്പർ 15412/ജി3/09/ഉ.വി. പ്രകാരം)
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവററ് സെക്രട്ടറിക്ക്.
പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ.**